രൂപയാണ് കരാറിൽ വകയിരുത്തിയിരുന്നത്. ചൈനീസ് സാങ്കേതിക സഹായത്തോടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുവേണ്ടി കൺസൾട്ടൻസി ഇനത്തിൽ പ്രതിദിനം 80 അമേരിക്കൻ ഡോളർ വച്ച് കൊടുക്കണമെന്നാണ് സേവന വേതന വ്യവസ്ഥ. നാല് പദ്ധതികൾക്കും കൂടി മൊത്തം ചെലവ് 1,96,160 അമേരിക്കൻ ഡോളറാണ്. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ കൺസൾട്ടൻസി ചാർജ്ജ് 17.88 കോടി രൂപയാണ്.

കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടേയും പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടേയും കൺസൾട്ടൻസി എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിക്കാണ് നൽകിയിരിക്കുന്നത്. പ്രിലിമിനറി എഞ്ചിനീയറിംഗ് ഡ്രോയിംഗ് തയ്യാറാക്കൽ, സ്പെസിഫിക്കേഷൻ തയ്യാറാക്കൽ, നിർമ്മാണവും യന്ത്രങ്ങൾ സ്ഥാപിക്കുന്ന ജോലികളുടേയും മേൽനോട്ടം, പ്രോജക്ട് മാനേജ്മെന്റ് എന്നിവയാണ് സേവനങ്ങൾ. ചൈനീസ് പദ്ധതികളുടെ കൺസൾട്ടൻസി HIC/IN-SHP എന്ന ചൈനീസ് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. പദ്ധതികളുടെ രൂപകൽപ്പന, ഓൺസൈറ്റ് കൺസൾട്ടേഷൻ എന്നിവയാണ് സേവനങ്ങൾ.

(ഇ) കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ കൺസൾട്ടൻസി തുകയായി 3.12 ലക്ഷം കനേഡിയൻ ഡോളറിന്റേയും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിന്റെ കൺസൾട്ടൻസി തുകയായ 9.64 ലക്ഷം കനേഡിയൻ ഡോളറിന്റെ ബിൽ എസ്.എൻ.സി. ലാവലിൻ ബോർഡിന് നൽകിയിട്ടുണ്ട്. ചില വിഷയങ്ങളിൽ തർക്കം നിലനിൽക്കുന്നതിനാൽ ആയതിനുള്ള ബിൽ തുക നൽകിയിട്ടില്ല. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഓൺസൈറ്റ് കൺസൾട്ടേഷൻ കരാർ ഇനത്തിൽ ഇനി നൽകാനുള്ളത് 32,720 യു.എസ്. ഡോളറാണ്.

എനർജി മാനേജ്മെന്റ് സെന്റർ

*16 [346] ശ്രീ. എം. കുമാരൻ:
,, കെ. പി. രാജേന്ദ്രൻ:
,, പി. എസ്.സുപാൽ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു എനർജി മാനേജ്മെന്റ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സെന്ററിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനം കൊണ്ട് ഊർജ്ജ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസതുത സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം ശരാശരി എന്തു തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ കടവൂർ ശിവദാസൻ):

(എ) ഉണ്ട്. ഊർജ്ജോപഭോഗത്തിന്റെയും ഊർജോൽപ്പാദനത്തിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുക, ഊർജ്ജ ഓഡിറ്റിംഗ് നടത്തുക, ഊർജ്ജ സംരക്ഷണ പരിപാടികൾ നടപ്പാക്കുക, ഗവേഷണം നടത്തുക, മാതൃകാ പദ്ധതികൾ സംഘടിപ്പിക്കുക എന്നിവയാണ് എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.

(ബി) വൻകിട വ്യവസായങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജ ഉപയോഗം കാര്യക്ഷമമാക്കി സാമ്പത്തിക ലാഭം നേടിക്കൊടുക്കുന്നു. ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ ഇന്ധന ഉപഭോഗം കുറയ്ക്കുവാനായി ടെംമ്പറേച്ചർ മോണിറ്ററിംഗ് അലേർട്ടിംഗ് സംവിധാനം (TMAS) ഓട്-ഇഷ്ടിക, ഗ്ലാസ് വ്യവസായങ്ങളിൽ സ്ഥാപിച്ചു. വ്യവസായങ്ങളിൽ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനായി കംപ്യൂട്ടറധിഷ്ഠിതമായ പ്രീപെയ്ഡ് എനർജി മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കി വരുന്നു.

പൊതു സ്ഥാപനങ്ങളിലെ ഊർജ്ജ ഉപയോഗം പ്രത്യേകിച്ച് വൈദ്യുതോർജ്ജ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 'ശ്രദ്ധ' എന്ന പേരിൽ ഒരു കർമ്മ പരിപാടി നടത്തി വരുന്നു. വീട്ടമ്മമാരുടെ ഇടയിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തുന്നതിനായി 300 പഞ്ചായത്തുകളിൽ ഊർജ്ജ ക്ലിനിക്കുകൾ നടത്തി വരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ സാധ്യതാ റിപ്പോർട്ട്, പ്രഥമ പഠന റിപ്പോർട്ട്, വിശദ പഠന റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നു. ചെറു ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായി സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ, എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ തെക്ക്-കിഴക്ക് ഏഷ്യാ മേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതി വികസനത്തിനായുള്ള യൂനിഡോ മേഖലാ കേന്ദ്രവും ഈ സെന്ററിൽ പ്രവർത്തിക്കുന്നു. ദേശീയവും അന്തർദേശീയവുമായ സംഘടനകളും സ്ഥാപനങ്ങളുമായി ചേർന്ന് ഊർജ്ജ സംരക്ഷണം പ്രോൽസാഹിപ്പിക്കുന്ന ബോധവൽക്കരണ ക്ലാസുകൾ, പരിശീലന പരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നതു കൂടാതെ കേരളത്തിൽ ഊർജ സംരക്ഷണം പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഊർജ്ജ സംരക്ഷണ അവാർഡ് നിശ്ചയിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം ശരാശരി 60 ലക്ഷം (അറുപത് ലക്ഷം) രൂപ ചെലവഴിക്കുന്നുണ്ട്.

കായംകുളം പദ്ധതിയുടെ വികസനം

*17 [347] ശ്രീ. റോഷി അഗസ്റ്റിൻ:
" തോമസ് ചാഴികാടൻ:
"" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിൽ നാഫ്തയ്ക്ക് പകരം എൽ.എൻ.ജി. ഉപയോഗിച്ച് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് മുഖേന എന്തു ലാഭം കൈവരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ വികസനത്തിന് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) അധികമായി എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) നാഫ്ത ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഡിസംബർ 2003-ലെ കണക്കനുസരിച്ച് യൂണിറ്റൊന്നിന് 4 രൂപ 13 പൈസയാണ് ചാർജ്ജ്. എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന കായംകുളം രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് ഉദ്ദേശം 2 രൂപ 72 പൈസയാണ് ചാർജ്ജ് പ്രതീക്ഷിക്കുന്നത്. ഇതു പ്രകാരം കായംകുളം താപ വൈദ്യുത നിലയത്തിൽ എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ചാൽ യൂണിറ്റൊന്നിന് ഏകദേശം 1 രൂപ 40 പൈസ ലാഭം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാഫ്തയുടേയും എൽ.എൻ.ജി.-യുടേയും വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഇതിൽ വ്യതിയാനം ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly